എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
രജത ജൂബിലി പ്രത്യേക പതിപ്പ്

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 3, ലക്കം 02 | 2022 ഫെബ്രുവരി 05




## ഹരിതോർജ്ജ വികസനത്തിനായി ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ; ധാരണാപത്രമായി

**കേ**രളത്തിൽ ഹരിതോർജ്ജ സാങ്കേതികവിദ്യകളുടെ വികസനത്തിനായി ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി കേരളസർക്കാരും ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും (സി.ഇ.ഐ.ഐ.സി) ധാരണാപത്രം ഒപ്പുവച്ചു. കേരള സർക്കാരിനെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC) ചേർന്നാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ബയോടെക്നോളജി ഇൻഡസ്ട്രി റിസർച്ച് അസിസ്റ്റൻസ് കൗൺസിൽ (BIRAC), റ്റാറ്റാ പവർ ഡൽഹി ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് എന്നിവയുടെ പിന്തുണയോടെ കേന്ദ്രസർക്കാരും ടാറ്റ ട്രസ്റ്റും ചേർന്ന് നടത്തി വരുന്ന സംരംഭമാണ് ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ (CEIIC). സഹകരണം നിലവിൽ വരുന്നതോടെ വൈദ്യുതി മേഖലയിലെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും നൂതന സാങ്കേതിക വിദ്യകളുമായി ഊർജ്ജ രംഗത്തെ ബന്ധപ്പെടുത്താനും ഇത് കേരളത്തെ സഹായിക്കും. കൃഷിയിടങ്ങൾക്കും ചെറുകിട സംരംഭകർക്കും കുറഞ്ഞ വിലയിൽ ഇടതടവില്ലാതെ വൈദ്യുതി എത്തിക്കാനുള്ള സാങ്കേതികവിദ്യകളും നിലവിൽ വരും. നിലവിൽ സൗരോർജ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പകൽ സമയങ്ങളിൽ ഉപയോഗിച്ച് തീർക്കേണ്ടതിനാൽ ഡിമാൻഡ് കൂടി നിൽക്കുന്ന അവസരങ്ങളിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. ഇതിനായി കേരളത്തിനുതകുന്ന തരത്തിലുള്ള ബാറ്ററി സ്റ്റോറേജ് സിസ്റ്റം വികസിപ്പിക്കുന്നതിനും ഈ സഹകരണം കൊണ്ട് സഹായകമാകും.

ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി റൂമിൽ വെച്ച് നടന്ന ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഓൺലൈനായി സംസാരിച്ചു, ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയി ഐ.എ.എസ്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. എം. എബ്രഹാം ഐ.എ.എസ്, കെ.എസ്.ഇ.ബി.എൽ സി.എം.ഡി ഡോ. ബി. അശോക് ഐ.എ.എസ്, കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണികൃഷ്ണൻ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി. അനിൽകുമാർ, ടാറ്റാ പവർ കമ്പനി സി.ഇ.ഒ ഡോ. പ്രവീർ സിൻഹ, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ സി.ഇ.ഒ ഡോ. ജി. ഗണേഷ് ദാസ്, ഫൗണ്ടേഷൻ ഫോർ ഇന്നൊവെഷൻ ആന്റ് സോഷ്യൽ എന്റർപ്രണർഷിപ്പ് ഡയറക്ടർ ശ്രീ. ജേക്കബ് പൗലോസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## കേരള സ്റ്റേറ്റ് സ്റ്റുഡന്റ് എനർജി കോൺഗ്രസ്സ് മത്സരങ്ങൾ സംഘടിപ്പിച്ചു

സ്മാർട്ട് എനർജി പ്രോഗ്രാം 2021-22 ന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ കേരള സ്റ്റേറ്റ് എനർജി കോൺഗ്രസ്സ് സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് എനർജി കോൺഗ്രസ്സിന്റെ ഭാഗമായുള്ള സംസ്ഥാനതല മത്സരങ്ങളാണ് 2022 ജനുവരി 31 ന് ഓൺലൈനായി സംഘടിപ്പിച്ചത്.

യു.പി വിഭാഗത്തിന് ഓൺലൈൻ പ്രസംഗ മത്സരവും, എച്ച്.എസ്സ് വിഭാഗത്തിന് പോസ്റ്റർ രചനാ മത്സരവുമാണ് സംഘടിപ്പിച്ചത്. കേരളത്തിലെ 41 വിദ്യാഭ്യാസ ജില്ലകളിലെ മത്സര വിജയികളാണ് പരിപാടിയിൽ പങ്കെടുത്തത്.

പ്രസംഗമത്സരത്തിൽ ഹോളിൻ ഡേവിസ് (സെന്റ്. ഡോൺ ബോസ്കോ ജി.എച്ച് സ്കൂൾ) ഒന്നാം സ്ഥാനവും, ക്രിസ്റ്റോ ഫിൽസൺ (ഫാ. തോമസ് പോരൂക്കര സെൻട്രൽ സ്കൂൾ, ചമ്പക്കുളം) രണ്ടാം സ്ഥാനവും, ജീന സി. (ഗവ. എച്ച്.എസ്സ്.എസ്സ്, നെന്മാറ) മൂന്നാം സ്ഥാനവും നേടി.

പോസ്റ്റർ രചനാ മത്സരത്തിൽ ഫാത്തിമ രിസാന (ഗവ. എച്ച്.എസ്സ്, തേൻകര) ഒന്നാം സ്ഥാനവും, ശ്രേയ ബെൻ സുരേന്ദ്രൻ (ഗവ. എച്ച്.എസ്സ്.എസ്സ്, എളങ്കുന്നപ്പുഴ) രണ്ടാം സ്ഥാനവും, ധ്രുവ് പി. (ബി.എച്ച്.എസ്സ്.എസ്സ്, രാമനാട്ടുകര) മൂന്നാം സ്ഥാനവും നേടി (വിജയികളുടെ ചിത്രങ്ങൾ പേജ് 7ൽ).

## 2021 ഡിസംബർ 1 മുതൽ 14 വരെ നടന്ന ഊർജ്ജസംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ നടന്ന

# ഊർജ്ജകിരൺ ബോധവൽക്കരണ പരിപാടികൾ



ചെങ്ങന്നൂരിൽ നടന്ന പരിപാടി ബഹു. ഫിഷറീസ് തുറമുഖ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു



പാലായിൽ നടന്ന പരിപാടി ബഹു. എം.പി ശ്രീ. ജോസ് കെ. മാണി ഉദ്ഘാടനം ചെയ്യുന്നു




വാമനപുരത്ത് നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. ഡി കെ മുരളി ഉദ്ഘാടനം ചെയ്യുന്നു




വർക്കലയിൽ നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ അഡ്വ. വി ജോയ് ഉദ്ഘാടനം ചെയ്യുന്നു



കാട്ടാകടയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. ഐ.ബി സതീശ് ഉദ്ഘാടനം ചെയ്യുന്നു




വട്ടിയൂർക്കാവിൽ നടന്ന ഊർജ്ജകിരൺ റാലിയിൽ ബഹു. എം.എൽ.എ അഡ്വ. വി.കെ പ്രശാന്ത്



നെയ്യാറ്റിൻകരയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. കെ ആൻസലൻ ഉദ്ഘാടനം ചെയ്യുന്നു



കഴക്കൂട്ടത്ത് നടന്ന ഊർജ്ജ സംരക്ഷണ സത്യപ്രതിജ്ഞയിൽ ബഹു. എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ



പുനലൂരിൽ നടന്ന ഒപ്പ് ശേഖരണ പരിപാടി ബഹു. എം.എൽ.എ ശ്രീ. പി.എസ്സ് സുപാൽ ഉദ്ഘാടനം ചെയ്യുന്നു



ഇരവിപുരത്ത് നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. എം. നൌഷാദ് ഉദ്ഘാടനം ചെയ്യുന്നു



കുന്നത്തൂരിൽ നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ ശ്രീ. കോവൂർ കുഞ്ഞുമോൻ ഉദ്ഘാടനം ചെയ്യുന്നു




തിരുവല്ലയിൽ നടന്ന ഊർജ്ജകിരൺ റാലി ബഹു. എം.എൽ.എ ശ്രീ. മാത്യു ടി തോമസ്സ് ഫ്ലാഗ്ഓഫ് ചെയ്യുന്നു



റാന്നിയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ ശ്രീ. പ്രമോദ് നാരായണൻ ഉദ്ഘാടനം ചെയ്യുന്നു



അങ്കമാലിയിൽ നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ ശ്രീമതി. ദലീമ ജോജോ ഉദ്ഘാടനം ചെയ്യുന്നു




വണ്ടൂരിൽ നടന്ന ഒപ്പ് ശേഖരണ പരിപാടിയിൽ ബഹു. എം.എൽ.എ ശ്രീ. എ.പി അനിൽകുമാർ പങ്കെടുക്കുന്നു



മലപ്പുറത്ത് നടന്ന ഒപ്പ് ശേഖരണ പരിപാടിയിൽ ബഹു. എം.എൽ.എ ശ്രീ. പി ഉബൈദുള്ള പങ്കെടുക്കുന്നു




വള്ളിക്കുന്നിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. പി അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്യുന്നു




തിരൂരങ്ങാടിയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. കെ.പി.എ മജീദ് ഉദ്ഘാടനം ചെയ്യുന്നു




തിരൂരിലെ ഊർജ്ജകിരൺ റാലി ബഹു. എം.എൽ.എ
ശ്രീ. കുറുക്കോളി മൊയ്തീൻ ഫ്ലാഗ്ഓഫ് ചെയ്യുന്നു




കോട്ടക്കലിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. കെ.കെ ആബിദ് ഹുസൈൻ തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു




പൊന്നാനിയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. പി നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു




മണലൂരിൽ നടന്ന ഒപ്പ് ശേഖരണ പരിപാടി ബഹു. എം.എൽ.എ
ശ്രീ. മുരളി പെരുന്നലി ഉദ്ഘാടനം ചെയ്യുന്നു




അങ്കമാലിയിൽ നടന്ന എൽ.ഇ.ഡി ബൾബ് വിതരണം
ബഹു. എം.എൽ.എ ശ്രീ. റോജി ജോൺ ഉദ്ഘാടനം ചെയ്യുന്നു




ആലുവയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. അൻവർ സാദത്ത് ഉദ്ഘാടനം ചെയ്യുന്നു



കുന്നത്തുനാട് വച്ചുനടന്ന പരിപാടി ബഹു. എം.എൽ.എ
അഡ്വ. ശ്രീനിജൻ ഉദ്ഘാടനം ചെയ്യുന്നു



പിറവത്ത് നടന്ന ഒപ്പ് ശേഖരണ പരിപാടി ബഹു. എം.എൽ.എ ശ്രീ.
അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു



പെരുമ്പാവൂരിൽ നടന്ന ഒപ്പ് ശേഖരണ പരിപാടി ബഹു.
എം.എൽ.എ ശ്രീ. എൽദോസ് കുന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു




തൃപ്പൂണിത്തുറയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. കെ ബാബു ഉദ്ഘാടനം ചെയ്യുന്നു




പീരുമേട്ടിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. വാഴൂർ സോമൻ ഉദ്ഘാടനം ചെയ്യുന്നു




കടുത്തുരുത്തിയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു




കാഞ്ഞിരപ്പള്ളിയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. എൻ ജയരാജ് ഉദ്ഘാടനം ചെയ്യുന്നു



മൂവാറ്റുപുഴയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. മാത്യു കുഴൽനാടൻ ഉദ്ഘാടനം ചെയ്യുന്നു




പൂഞ്ഞാറിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
അഡ്വ. സബാസ്റ്റ്യൻ കളത്തുങ്കൽ ഉദ്ഘാടനം ചെയ്യുന്നു




ചങ്ങനാശ്ശേരിയിൽ നടന്ന ഒപ്പ് ശേഖരണ പരിപാടി
ബഹു. എം.എൽ.എ ശ്രീ. ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്യുന്നു




കാഞ്ഞിരപ്പള്ളിയിൽ നടന്ന പരിപാടി ബഹു. എം.എൽ.എ
ശ്രീ. എൻ ജയരാജ് ഉദ്ഘാടനം ചെയ്യുന്നു




വൈക്കത്ത് നടന്ന ഒപ്പുശേഖരണ പരിപാടി ബഹു. എം.എൽ.എ
ശ്രീമതി. സി കെ ആശ ഉദ്ഘാടനം ചെയ്യുന്നു



കുട്ടനാട്ടിൽ നടന്ന ഊർജ്ജകിരൺ റാലി ബഹു. എം.എൽ.എ
ശ്രീ. തോമസ്സ് കെ തോമസ്സ് ഫ്ലാഗ് ഓഫ് ചെയ്യുന്നു




ആലപ്പുഴയിൽ നടന്ന ഊർജ്ജകിരൺ റാലി ബഹു. എം.എൽ.എ
ശ്രീ. പി ചിത്തരഞ്ജൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു

## Smart Energy Program 2021-22

# Kerala State Students' Energy Congress

## WINNERS

### Elocution Competition (UP Level)



**Jeena C.**
3rd prize in Elocution
GGVHigher Secondary School
Nenmara



**Christo Philson**
2nd prize in Elocution
Fr. Thomas Porukara Central School
Champakulam



**Holin Davis**
1st prize in Elocution
St. Don Bosco GH School
Kodakara

### Poster Competition (HS Level)



**Dhruv P.**
3rd prize in Poster
RHSS
Ramanattukara



**Sreya Ben Surendran**
2nd prize in Poster
Govt. Higher Secondary School
Elankunnappuzha, Vypin



**Fathima Risana A.**
1st prize in Poster
Govt. High School
Thenkara

EMC YouTube page

EMC Facebook page

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256

# ‘കേരളത്തെ മാതൃകയാക്കൂ...’
## മറ്റു സംസ്ഥാനങ്ങളോട് ബി.ഇ.ഇ

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ കേരളത്തെയും ആന്ധ്രാപ്രദേശിനെയും മറ്റു സംസ്ഥാനങ്ങൾ മാതൃകയാക്കണമെന്ന് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി.ഇ.ഇ) ഡയറക്ടർ ജനറൽ ശ്രീ. അഭൈ ബക്രെ പറഞ്ഞു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി(ബി.ഇ.ഇ)യുടെ സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസികൾക്കായി നടത്തിയ വെബിനാറിലാണ് അദ്ദേഹം ഇങ്ങനെ സൂചിപ്പിച്ചത്. ഉർജ്ജകാര്യക്ഷമതാ പ്രവർത്തനങ്ങളിൽ സമൂഹത്തിലെ



എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളുടെ പങ്കാളത്തം ഉറപ്പാക്കണമെന്ന് കേന്ദ്ര ഊർജ്ജവകുപ്പ് മന്ത്രി ശ്രീ. ആർ.കെ. സിങ്ങ് നിർദ്ദേശിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വരുന്ന പത്തു വർഷത്തിനുള്ളിൽ 129 ദശലക്ഷം ടൺ എണ്ണയ്ക്ക് തത്തുല്യമായ ഊർജ്ജം സംരക്ഷിക്കാനാണ് ബി.ഇ.ഇ ലക്ഷ്യംവയ്ക്കുന്നത്. ഇത് 2070 ഓടെ കാർബൺ ബഹിർഗമനം പൂർണ്ണമായി കുറയ്ക്കുക എന്ന ഭാരതസർക്കാറിന്റെ ലക്ഷ്യത്തിലെത്തുന്നതിന് സഹായകമാകും.

# വാട്ടർ അതോറിറ്റിയുടെ 16 പമ്പിംഗ് സ്റ്റേഷനുകളിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി



കേരള വാട്ടർ അതോറിറ്റി നിർദ്ദേശിച്ച കേരളത്തിലുടനീളമുള്ള 16 വൻകിട പമ്പിംഗ് സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ചു.

എല്ലാ പമ്പിംഗ്സ്റ്റേഷനുകളിൽ നിന്നുമായി 39 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാനാകുമെന്ന് ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി കണ്ടെത്തുവാൻ സാധിച്ചു. എനർജി മാനേജ്മെന്റ് സെന്റർ എംപാനൽ ചെയ്തിട്ടുള്ള ഊർജ്ജ ഓഡിറ്റ് സ്ഥാപനമായ അതുൽ എനർജി കൺസൾട്ടന്റ്സ് ആണ് ഈ പ്രവൃത്തി പൂർത്തീകരിച്ചത്.

**ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി പൈപ്പിലൂടെയുള്ള ഒഴുക്ക് അളക്കുന്നു**

# ഊർജ്ജയാൻ പദ്ധതി പുരോഗമിക്കുന്നു

നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജയാൻ പദ്ധതിയുടെ ഭാഗമായി പുരോഗമിക്കുന്നു.

തൃശ്ശൂർ ജില്ലയിലെ 10 നിയോജക മണ്ഡലങ്ങളിലും തിരുവനന്തപുരം ജില്ലയിലെ നേമം നിയോജക മണ്ഡലത്തിലുമാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. പദ്ധതിയുടെ ഭാഗമായി നേമം നിയോജക മണ്ഡലത്തിലെ ഗവ. യു.പി.എസ്സ് കൊഞ്ചിറവിളയിൽ ഊർജ്ജകാര്യക്ഷമമല്ലാത്ത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമമായ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി നടക്കുന്നു. വരും ദിവസങ്ങളിൽ ഇത് മറ്റു നിയോജക മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കും.

